പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1010 20-03-2012 ൽ മറുപടിക്ക്

## സർക്കാർ -സ്വാശ്രയമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്ര രൂപയുടെ മുതൽ മുടക്ക് നടത്തിയെന്നും ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് താഴെപ്പറയുന്ന മുതൽമുടക്ക് നടത്തിയിട്ടുണ്ട്.<br><br>i) 2011 - 12 വർഷത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 2433 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 3475 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2012 ജനുവരി 31 വരെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 1443.13 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 843.74 ലക്ഷം രൂപയും ചെലവായി.<br><br>ii) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് പദ്ധതി വിഹിതമായി 6380 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ വരുന്ന സർക്കാർ ആട്സ് & സയൻസ് കോളേജുകൾ, മ്യൂസിക് കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, ഹോസ്റ്റലുകൾ |

| | |
|---|---|
| | എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും മറ്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ വകുപ്പിൻ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അട്ടപ്പാടിയിൽ ഒരു സർക്കാർ കോളേജ് പ്രവർത്തനംആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു .<br><br>iii) സർക്കാർ ഈ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നും 4.50 കോടി രൂപ ഐ.എച്ച്.ആർ.ഡി ക്ക് നൽകിയിട്ടുണ്ട്.<br><br>iv) സംസ്ഥാനത്ത് ഒരു മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിനായി പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ തലപ്പാടി നഴ്സിംഗ് കോളേജ് കാമ്പസിൽ പ്രവർത്തനം ആരംഭിച്ച ബയോമെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം ഘട്ടമായി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുന്നതിനായി ഒരു കോടി രൂപയും നൽകിയിട്ടുണ്ട്.<br><br>v) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് വിഹിതമായി 80 ലക്ഷം രൂപ സെന്റർഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്കും അതിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾക്കുമായി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) കേന്ദ്ര സർക്കാരിന്റെ കീഴിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും, ഭാവിയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | ബി) 1. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (IISER) തിരുവനന്തപുരം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയിസ് സയൻസ് ആന്റ് ടെക്നോളജി (IIST)തിരുവനന്തപുരം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM) കോഴിക്കോട് എന്നീ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലയിലെ പുതുശേരി വില്ലേജിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>2. കേന്ദ്രസർക്കാരിന് കീഴിൽ, ഒരു കേന്ദ്ര സർവ്വകലാശാലയും അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഒരു സെന്ററും (മലപ്പുറം) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത്, ഇംഗ്ലീഷ് & ഫോറിൻ ലാംഗേജ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കേന്ദ്രം, ഓപ്പൺ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. |
| സി) സർക്കാർ - സ്വാശ്രയ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | സി) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലെ ചുരുക്കം എണ്ണം ലോ കോളേജുകൾ കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിൽ മാത്രം തുടങ്ങുന്നതിന് എൻ.ഒ.സി. നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം നായർ സർവ്വീസ് |

| | |
|---|---|
| | സൊസൈറ്റിയുടെ കീഴിൽ കൊല്ലം ജില്ലയിൽ കൊട്ടിയത്ത് സ്വാശ്രയമേഖലയിൽ ഒരു ലോ - കോളേജ് 2012-13 അക്കാദമിക്ക് വർഷം ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ